മേയ് 2014 വരെ പെൻഷൻ നൽകിയിട്ടുണ്ട്. തുടർന്ന് ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതിനാലാണ് ടിയാളുടെ പെൻഷൻ തടഞ്ഞിട്ടുള്ളത്. ലൈഫ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് ജൂൺ 2014 മുതലുള്ള പെൻഷൻ ക്ഷേമനിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

മിൽമ പാലുല്പാദനവും വിതരണവും

62 (2695) ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തൊട്ടാകെ മിൽമ പ്രതിദിനം എത്ര ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട് ;

(ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമാണ് കേരളത്തിലേക്ക് പാൽ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രതിദിനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാൽ എത്ര ലിറ്ററാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പാൽവിതരണത്തിനായി മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) എത്രകാലംകൊണ്ട് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിന് സാധിക്കു മെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മിൽമ ഇപ്പോൾ പ്രതിദിനം 12.17 ലക്ഷം ലിറ്റർ പാൽ വിതരണം ചെയ്യുന്നുണ്ട്.

(ബി) കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ ക്ഷീര വിപണന ഫെഡറേഷനുകളിൽ നിന്നുമാണ് കേരളത്തിലേക്ക് പാൽ കൊണ്ടുവരുന്നത്.

(സി) 29.78 ലക്ഷം മെടിക് ടൺ എന്ന് കണക്കാക്കിയിരിക്കുന്നു. മിൽമയുടെ

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് മേഖല യൂണിയനുകളും കൂടി പ്രതിദിനം ശരാശരി 11 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിൽനിന്നും സംഭരിക്കുന്നുണ്ട്.

(ഡി) മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ ഈ സാമ്പത്തിക വർഷത്തിൽ 4 മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകളം മേഖലാ യൂണിയൻ പാൽ വിതരണത്തിനായി മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നുണ്ട്. മലബാർ മേഖലാ യൂണിയനിൽ 5 മിൽമ ഹബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. മാർക്കറ്റിംഗിന് സൗകര്യപ്രദമായ രീതിയിൽ പെട്ടെന്നുള്ള ഡിമാന്റുകൾക്ക് പാൽ എത്തിച്ചുകൊടുക്കുന്നതിന് വേണ്ടിയും ഉപഭോക്താക്കൾക്ക് 24 മണിക്കൂറും പാലുല്പന്നങ്ങൾ യഥാസമയം ലഭ്യമാക്കുക, പാൽ വിപണന ശൃംഖല ശക്തിപ്പെടുത്തി പാൽ വിപണനം വ്യാപിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടാണ് മിൽമ ഹബ്ബുകൾ സ്ഥാപിക്കുന്നത്.

(ഇ) 2015-16 വർഷംകൊണ്ട് സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കൊട്ടാരക്കര സാംസ്കാരിക മ്യൂസിയം

63 (2696) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കരയിൽ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക വകുപ്പിന്റെ മ്യൂസിയം നവീകരണത്തിനായി എത്ര രൂക ചെലവഴിച്ചുവെന്ന വെളിപ്പെടുത്തുമോ ;

(ബി) മ്യൂസിയത്തിൽ നടത്തിയ നവീകരണ പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) കെട്ടിടത്തിൽ നിന്നും മ്യൂസിയം ഒഴിയണമെന്ന ദേവസ്വം ബോർഡിന്റെ നോട്ടീസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത മ്യൂസിയം നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിൽത്തന്നെ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly